**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1490

02/07/2015 - മറുപടിക്ക്

## തിരുവനന്തപുരം വികസന അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ തിരുവനന്തപുരം വികസന അതോറിറ്റിക്ക് നീക്കിവച്ച തുക എത്രയെന്നു വ്യക്തമാക്കുമോ; | (എ) 2014-15 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപ 4217-60-191-98 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. |
| (ബി) പ്രസ്തുത തുക വിനിയോഗിച്ച് തിരുവനന്തപുരം വികസന അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) 2014-15 – ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയ്ക്ക് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1) പാളയം 'സി' ബ്ലോക്ക് (പുനരധിവാസ ബ്ലോക്ക് നിർമ്മാണം) 1.25 കോടി രൂപ<br>2) ചാലയിലെ പാർക്കിംഗ് പ്ലാസ, പുനരധിവാസ ബ്ലോക്ക്, കൊമേഴ്സ്യൽ കോംപ്ലക്സ് എന്നിവയ്ക്ക് 15 കോടി രൂപ.<br>3) അട്ടക്കുളങ്ങര സ്കൂളിന്റെ ചുറ്റുമതിൽ, കച്ചവടക്കാരുടെ പുനരധിവാസ ബ്ലോക്ക്, കൊമേഴ്സ്യൽ കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനായി 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>4) പാളയം ' എ ' ബ്ലോക്ക് നിർമ്മാണത്തിന് 35 കോടി രൂപയുടെ ഭരണാനുമതിയും 10 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ